HANDICRAFT ASSISTANTS

*1110. [2] **Sri. T. P. Sitaraman :** Will the Hon'ble Minister for Education he pleased to state.—

(*a*) how many handicraft assistants are there in the State before and after the integration;

(*b*) what was their grade prior to the pay revision on 1122 and after the revision;

(*c*) before the revision, was the maximum pay of all the handicrafts assistants equal;

(*d*) what was the necessity for differentiating one from the other;

(*e*) was there any representation to the Government received from these officers; and

(*f*) if so, what is the reply and what are the steps taken to redress their grievances?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): ഇതിന്റെ പൂർണ്ണവിവരങ്ങൾ ലഭിച്ചിട്ടില്ല. തിരുവിതാംകൂറിൽ ഹാൻഡി ക്രാഫ്റ്റ് അസിസ്റ്റൻറ് എന്ന പറയുന്ന ഒരു ഉദ്യോഗസ്ഥൻ ഇല്ല. കൊച്ചിയിൽ മൂന്ന ഉദ്യോഗസ്ഥന്മാരുണ്ട്. അവരുടെ വിവരങ്ങൾ മുഴുവൻ ശേഖരിച്ചിട്ടില്ല.

GO-DOWN CLERKS

*1111. [4] **Sri. A. P. Udayabhanu :** Will the Hon'ble Minister for Food be pleased to state.—

(*a*) whether go-down clerks have been suspended from the Alleppey go-down;

(*b*) if so how many and when; and

(*c*) what the charges against them are?

Minister for Education, Food and Labour **(Sri. T. K. Narayana Pillai) :**

(*a*) Yes.

(*b*) Six clerks. They were suspended from 7th September 1950.

(*c*) They are responsible for disproportionately heavy shortages of food stocks which were entrusted to their care at the Alleppey Depot.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: സസ്പെൻഡ് ചെയ്യുകമാത്രമേ വേറെ ക്രമക്കേടൊന്നും പിരിച്ചുവിട്ടിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഒന്നുമില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അവരുടെ ഡേമണി സംഖ്യ കൊടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: പിരിച്ചുവിട്ടിട്ടില്ലല്ലോതന്നെ ഒന്നുമില്ലെന്നാണ് പറഞ്ഞതു്.

ശ്രീ. എ. കെ. പാപ്പുപിള്ള: എത്രമാത്രം ധാന്യമാണ് കാണാതെ പോയതെന്നു പറയാമോ?

Sri. T. K. Narayana Pillai : The shortages are:

Ordinary rice	..	7,56,205 lbs
Wheat	..	52,416 ,,
Gram flour	..	24 ,,
Salvaged rice	..	710 ,,
Reconditioned Waste matter	..	183 ,,

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. പാച്ചുപിള്ള: ഇതിനു എതാഫീസറാണു ഉത്തരവാദി ആ കേണ്ടതു? ചാർജ് വഹിക്കുന്ന ഉദ്യോഗസ്ഥൻ മാത്രമെ ഉള്ളോ?

ശ്രീ. ടി. കെ നാരായണപിള്ള: അതേപ്പറ്റി അനേഷ്ച്ചതിൽ ന ക്കുന്നവരെയാണ് ഉത്തരവാദികളായി കണ്ടുപിടിച്ചതു.

ശ്രീ. കെ. രാമകൃഷ്ണപിള്ള: എന്നാണ് അതു കണ്ടുപിടിച്ചതു?

ശ്രീ. ടി. കെ. നാരായണപിള്ള: കണ്ടുപിടിച്ചതും സസ്പെൻഡ ചെയ്തതും എതാണ്ടു ഒരേകാലത്താണ്. ഉ—ൻ— ട ഠ ാലാണ് അവരെ സസ്പെൻഡ ചെയ്തതു.

Sri. P. S. Nataraja Pillai: May I know the names of the persons responsible for the shortage and the money lost on account of the shortage referred to?

Sri. T. K. Narayana Pillai :

	Rs.	*A.*	*P.*
G. Madhavan Unnithan	2,080	4	0
V. Krishna Aiyar	5,917	3	2
E. G. Parameswaran Unnithan	5,130	4	3
K. Sivarama Pillai	6,647	3	2
P. Parthan	10,026	10	7
P. Gopalan Nair	14,871	1	7

ശ്രീ. കെ. ആർ. ഇലങ്കത്തു: ഇതു് കൺട്രോൾ പ്രൈസ് അനുസരിച്ചു കണക്കാക്കിയതാണോ? അതോ ബ്ലാക്ക്മാർക്കറ് പ്രൈസാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: കൺട്രോൾ പ്രൈസാണ്.

Sri. P. Balakrishnan Tampi: Sir, may I ask, will not such kind of questions prejudice a fair enquiry into the matter?

Sri. T. K. Narayana Pillai : The Information given is in pursuance of the question before the House.

ശ്രീ. എ. താണുപിള്ള: ഇതിൽ ഓരോ ക്ലാക്ക്മാരുടേയും ചുമതലപ്പെട്ട തുക ഇത്രയെന്ന എങ്ങനെയാണു കണ്ടുപിടിച്ചതു?

ശ്രീ. ടി. കെ. നാരായണപിള്ള: ഓരോ ക്ലാക്ക്മാരും അവിടെയിരുന്നതെടം അനുസരിച്ചാണ്.

ശ്രീ. എ. താണുപിള്ള: ഓരോ ക്ലാക്ക്മാരിൽനിന്നും ഇത്രയിത്ര നഷ്ടം വന്നു എന്നു പറഞ്ഞതല്ലൊ. അതെല്ലാം കണ്ടുപിടിച്ചതു എല്ലാംകൂടി ഒരുമിച്ചാണോ, അതോ പലകാലങ്ങളിലായിട്ടാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: കണ്ടുപിടിച്ചതു ഒരുമിച്ചാണ്. ഓരോ ക്ലാക്ക്മാരുടേയും പീരീഡു തിട്ടപ്പെടുത്തിയതു പിന്നീടാണ്.

ശ്രീ. എ. താണുപിള്ള: ഓരോ ക്ലാക്ക്മാരും ഇത്രയിത്ര ഉത്തരവാദിത്വപ്പെടുന്നുണ്ടു് എന്നു കണ്ടുപിടിച്ചതു് എങ്ങനെയാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു സ്റ്റാക്കു രജിസ്റ്റർ നോക്കി കണ്ടുപിടിച്ചതാണ്. ഓരോ ക്ലാക്ക്മാരും ഇരുന്ന പീരീഡ് നോക്കി ഓരോരുത്തരുടേയും ചുമതല കണ്ടുപിടിച്ചതാണ്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇതു കണ്ടുപിടിച്ചതിനുശേഷം മറു എതെങ്കിലും ഡിപ്പോകളും പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: പരിശോധന നടന്നുവരികയാണ്.

ശ്രീ. എ. കെ. പാച്ചുപിള്ള: അവിടെ വല്ല അപഹരണവും കണ്ടുപിടിച്ചുവോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഓ൪മ്മയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇട്ടിര അമ്മുക്കൻ: ആലപ്പുഴ ഗോഡൗണിലെ അഴിമതി കണ്ടുപിടിച്ച ഉദ്യോഗസ്ഥൻ ആരാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: അതും ഓർമ്മയില്ല.

വരന്തരപ്പിള്ളി പഞ്ചായത്ത്

*൧൭൫൨. (൪) ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പഞ്ചായത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ —

(എ) വരന്തരപ്പിള്ളി പഞ്ചായത്ത് അംഗങ്ങൾ എല്ലാവരും രാജിവെച്ചതിനെ തുടർന്ന് ഗവൺമെൻറ് എന്തു നടപടി എടുത്തിരിക്കുന്നു;

(ബി) എന്തു കാരണത്തിന്മേലാണ് ഈ രാജി;

(സി) രാജിവെച്ചിരിക്കുന്നത് ആരെല്ലാം?

ചീഫ് മിനിസ്റ്റർ ശ്രീ. സി. കേശവൻ: (എ) കരയാംപാടം പഞ്ചായത്തു റോഡിനുവേണ്ടിയുള്ള ഭൂമി എടുപ്പു നടപടികൾ പഞ്ചായത്തിൻറെ ആഗ്രഹത്തിനു വിരുദ്ധമായി ഉപേക്ഷിച്ചതുകൊണ്ടാണ് പഞ്ചായത്തു അംഗങ്ങൾ രാജിവെച്ചത്. രാജിയെ തുടർന്ന് പ്രസ്തുത റോഡുകാര്യത്തിൽ വീണ്ടും റവന്യൂ ബോർഡിൻറെ അഭിപ്രായം ആരായുകയും അതു ഗവൺമെൻറിൻറെ പര്യാലോചനയിൽ ഇരിക്കുകയുമാണ്.

(ബി) മുകളിൽ എ യുടെ ഉത്തരത്തിൽ വിശദമാക്കിയിട്ടുണ്ട്.

(സി) ൧. ശ്രീ. സി. ആർ. മാണിക്കൻ (പ്രസിഡൻറ്)
൨. ,, വി. ആർ. കൃഷ്ണൻകുട്ടി മേനോൻ (മെമ്പർ)
൩. ,, കെ. എ. നാരായണൻ നമ്പൂതിരി ,,
൪. ,, എം. വി. നാരായണൻ നമ്പൂതിരി ,,
൫. ,, സി. എം. രാമൻ ,,
൬. ,, കെ. വി. കൊച്ചുഗോവിന്ദൻ നായർ ,,

ശ്രീ. ടി. പി. സീതാരാമൻ: എന്നാണ് രാജിവെച്ചത്?

ശ്രീ. സി. കേശവൻ: തയ്യതി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ടി. പി. സീതാരാമൻ: രാജിവെച്ചവരുടെ കൂട്ടത്തിൽ പഞ്ചായത്തു പ്രസിഡൻറ് ഉൾപ്പെട്ടുന്നില്ലെ?

ശ്രീ. സി. കേശവൻ: ഉണ്ട്.

വൈദ്യുതവിപുലീകരണപദ്ധതി

*൧൭൫൩. (൫) ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെ പബ്ലിക്ക് വർക്സ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

വരന്തരപ്പിള്ളി, ആമ്പല്ലൂർ എന്നീ വില്ലേജുകളിലേക്കുള്ള വൈദ്യുതവിപുലീകരണപദ്ധതി ഇപ്പോൾ ഏതു സ്ഥിതിയിലായിരിക്കുന്നു?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): വൈദ്യുതവിപുലീകരണപദ്ധതി പ്രകാരം ഈ സ്ഥലങ്ങളിൽ ജോലി തുടങ്ങണമെന്ന് ആലോചിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly